രാജ്യത്തെ മറ്റെല്ലാ സർവകലാശാലകളും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് സംവരണ തത്വം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ,കാലിക്കറ്റ് സർവകലാശാല ഇതിന് കൽപ്പിക്കുന്നത് പുല്ലുവിലയാണ്.ഇല്ലാത്ത ഹൈക്കോടതി വിധിയുടെ മറവിൽ 2016 മുതലാണ് സർവകലാശാല ഈ നിയമ വ്യവസ്ഥ ലംഘിക്കുന്നത് .സംവരണ തത്വം പാലിക്കേണ്ടി വന്നാൽ സംവരണ ടേൺ അട്ടിമറിച്ച് തങ്ങളുടെ ഇഷ്ടക്കാർക്കുംസ്വന്തക്കാർക്കും നിയമനം നൽകാനാവില്ലെന്നതാണ് സർവകലാശാലാ സിൻഡിക്കേറ്റിനെ ഇതിൽ നിന്ന് പിന്തിരിപ്പിക്കുന്നത്.

# സംവരണ അട്ടിമറി

## കാലിക്കറ്റ് സർവകലാശാല പുതിയ അദ്ധ്യായം രചിക്കുന്നു



കെ.പ്രസന്നകുമാർ

എല്ലാ വിധ സംവരണ തത്വങ്ങളും ,സർവകലാശാലാ ചട്ടങ്ങളും,നിയമസഭ പാസാക്കിയ സർവകലാശാലാ നിയമ ഭേദഗതികളും കാറ്റിൽപ്പറത്തിയാണ് സർവകലാശാലയുടെയും സിൻഡിക്കേറ്റിന്റെയും വിളയാട്ടം.അദ്ധ്യാപക നിയമനങ്ങളിൽ സർവകലാശാല കാലങ്ങളായി തുടരുന്ന സംവരണ അട്ടിമറിയും കള്ളക്കളിയും പുതിയ തലങ്ങളിലേക്ക് കടക്കുമ്പോഴും,ഇതൊക്കെ നിയന്ത്രിക്കേണ്ട വൈസ് ചാൻസലറും,ഉന്നത വിദ്യാഭ്യാസ വകുപ്പും മൗനം പാലിക്കുന്നു.സർവകലാശാലയെയും സിൻഡിക്കേറ്റിനെയും കേന്ദ്രീകരിച്ച് അതിശക്തമായ സംവരണ വിരുദ്ധ മാഫിയ പ്രവർത്തിക്കുന്നതായും പിന്നാക്ക സംഘടനകൾക്ക് ആക്ഷേപമുണ്ട്.

കാലിക്കറ്റ് സർവകലാശാലയിൽ ഉദ്യോഗാർത്ഥികളുടെ അഭാവം നിമിത്തം ഒഴിഞ്ഞുകിടക്കുന്ന അമ്പതോളംഅദ്ധ്യാപക തസ്തികകളിൽ നിയമനം നടത്തേണ്ടതില്ലെന്ന സർവകലാശാലാ സിൻഡിക്കേറ്റിന്റെ തീരുമാനംപിന്നാക്ക വിഭാഗങ്ങൾക്ക് കനത്ത തിരിച്ചടിയായി.നേരത്തേ വിജ്ഞാപനം ചെയ്തിട്ട് ഉദ്യോഗാർത്ഥികളെ ലഭിക്കാതെ പോയ തസ്തികകൾ എൻ.സി.എയായി (ബാക്കലോഗ് ) കണക്കാക്കി പുനർ വിജ്ഞാപനം ചെയ്യുന്നതാണ് പിഎസ്.സിയിലെയും സർവകലാശാലകളിലെയും രീതി. എന്നാൽ, ഇത് വേണ്ടെന്നാണ് കാലിക്കറ്റ് സർവകലാശാല സിൻഡിക്കേറ്റിന്റെ തീരുമാനം.

2019 ഡിസംബർ 31നാണ് 63 അസിസ്റ്റന്റ് പ്രൊഫസർ,29 അസോസിയേറ്റ് പ്രൊഫസർ,24 പ്രൊഫസർ ഉൾപ്പെടെ,ഒഴിവുള്ള 116 അദ്ധ്യാപക തസ്തികകളിൽ നിയമനത്തിന് കാലിക്കറ്റ് സർവകലാശാല വിജ്ഞാപനം പുറപ്പെടുവിച്ചത്.അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ മാത്രം 29 ഒഴിവുകളാണ് ബാക്ക് ലോഗായി നികത്താനുള്ളതെന്ന് കാലിക്കറ്റ് സർവകലാശാല 2014ൽ സർക്കാരിനെഴുതിയ കത്തിൽ പറയുന്നു. .ഈ

തസ്തികകളിൽ സംവരണം അട്ടിമറിച്ച് ഇഷ്ടക്കാരെ തിരുകിക്കയറ്റാനാണ് ബാക്ക് ലോഗ് നികത്തേണ്ടതില്ലെന്ന് സിൻഡിക്കേറ്റ് തീരുമാനിച്ചത്. മുസ്ലിം-7,വിശ്വകർമ്മ-8,ഈഴവ-4,,നാടാർ-5,ധീവര-3,പിന്നാക്ക ക്രിസ്ത്യന് -1,പട്ടിക വിഭാഗം-1 എന്നിങ്ങനെ ഓരോ വിഭാഗത്തിനും നിയമപ്രകാരംഅർഹമായ നിയമനങ്ങൾ ഇതോടെ നഷ്ടമാവും. ഇതിന് പുറമെ,അംഗപരിമിതർക്ക് സംവരണം ചെയ്ത നാല്ഒഴിവുകളും നികത്തേണ്ടതില്ലെന്നാണ് തീരുമാനം. അസോസിയേറ്റ് പ്രൊഫസർ,പ്രൊഫസർ തസ്തികകളിലെ ബാക്ക് ലോഗ് ഒഴിവുകൾ കൂടി നികത്താതിരിക്കുമ്പോൾ, പിന്നാക്ക വിഭാഗങ്ങൾക്ക് അമ്പതിലേറെ നിയമനങ്ങൾ നഷ്ടപ്പെടും.. ഇത്രയും വലിയ സംവരണ അട്ടിമറിയെക്കുറിച്ച് ജുഡിഷ്യൽ അന്വേഷണം ആവശ്യപ്പെട്ട് സർവകലാശാലയിലെ യു.ഡി.എഫ് സിൻഡിക്കേറ്റ് ഫോറം ചാൻസലറായ ഗവർണർക്ക് നിവേദനം നൽകിയിട്ടുണ്ട്.

**നിയമക്കുരുക്കിലേക്ക്**

സർവകലാശാല അദ്ധ്യാപക നിയമനത്തിൽ ഈഴവ /തിയ്യ / ബില്ലവ വിഭാഗത്തിന് വീണ്ടും സംവരണ നഷ്ടം.അടുത്തിടെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലേക്ക് 63 പേരെ നിയമിച്ചതിൽ ഈ വിഭാഗത്തിന് അർഹതപ്പെട്ട എണ്ണത്തിൽ ഒന്ന് ചോർത്തി. തെറ്റായ സംവരണക്രമത്തിലൂടെ തങ്ങളുടെ അവസരം നിഷേധിച്ചതിനെതിരെ ഉദ്യോഗാർത്ഥികൾ നിയമ നടപടിക്കൊരുങ്ങുകയാണ്.കേരള സർവീസ് റൂൾ പ്രകാരം 63 പേരെ നിയമിക്കുമ്പോൾ ഈഴവ / തിയ്യ / ബില്ലവ വിഭാഗത്തിൽപ്പെട്ട 9 ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിച്ചിരിക്കണം. 2, 14, 18, 28, 34, 42, 54, 58, 62 എന്നിങ്ങനെയാണ് ഒൻപത് പേരുടെ ഊഴം. എന്നാൽ, നിയമനം ലഭിച്ചത് എട്ട് പേർക്ക് മാത്രം. ഊഴം തെറ്റിയുള്ള നിയമനം കാരണം ഓപ്പൺ മെറിറ്റിൽ വരേണ്ടിയിരുന്ന ഇ.ടി.ബി ഉദ്യോഗാർത്ഥികൾ സംവരണ സീറ്റിൽ ഒതുങ്ങിപ്പോയി.ഇ.ടി.ബി വിഭാഗത്തിന് അർഹതപ്പെട്ട ഊഴം ഭിന്നശേഷിക്കാർക്ക് നീക്കിവച്ചതാണ് സംവരണനഷ്ടം വരാനിടയാക്കിയത്. സർവകലാശാല തയ്യാറാക്കിയ നിയമന പട്ടികയിലെ ഊഴമനുസരിച്ച് 2, 28, 54 എന്നിവ ഭിന്നശേഷിക്കാർക്കായി നീക്കിവച്ചിരിക്കുകയാണ്. സർവീസ് നിയമം അനുസരിച്ചുള്ള പട്ടികയിൽ ഇവ മൂന്നും ഇ. ടി.ബി വിഭാഗത്തിന്റേതാണ്. ഒരു സമുദായത്തിന്റെ ഊഴം എങ്ങനെ ഭിന്നശേഷിക്കാർക്ക് നീക്കിവച്ചു എന്നതിന് വിശദീകരണമൊന്നുമില്ല. ഈ മൂന്ന് ഊഴങ്ങളിൽ 2, 54 എന്നിവയിൽ ഭിന്നശേഷിക്കാരില്ലാത്തതിനാൽ നിയമനം നടന്നിട്ടില്ല. ഡ്രാമ, ജേർണലിസം വിഭാഗങ്ങളിലെ തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നത്. നിയമനം ലഭിച്ച ഇ.ടി.ബി ഉദ്യോഗാർത്ഥികളിൽ ചിലർ ഉൾപ്പെട്ടിരിക്കുന്നത് മറ്റു സമുദായങ്ങളുടെ ഊഴങ്ങളിലാണ്. വിവിധ പഠന വകുപ്പുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് നിയമനപ്പട്ടിക തയ്യാറാക്കിയതിനാൽ ഊഴം തെറ്റിയുള്ള നിയമനം ക്രമപ്പെടുത്തുക എളുപ്പമല്ല.

> **നിയമനം ലഭിച്ച ഇ.ടി.ബി ഉദ്യോഗാർത്ഥികളിൽ ചിലർ ഉൾപ്പെട്ടിരിക്കുന്നത് മറ്റു സമുദായങ്ങളുടെ ഊഴങ്ങളിലാണ്. വിവിധ പഠന വകുപ്പുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് നിയമനപ്പട്ടിക തയ്യാറാക്കിയതിനാൽ ഊഴം തെറ്റിയുള്ള നിയമനം ക്രമപ്പെടുത്തുക എളുപ്പമല്ല.**

**വി സിക്കെതിരെ ഗവർണർക്ക് പരാതി**

കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് യോഗത്തിന്റെ മിനിട്ട്സിൽ സംവരണ ലംഘനവുമായി ബന്ധപ്പെട്ട വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയില്ലെന്ന് ചൂണ്ടിക്കാട്ടി ഗവർണർക്ക് സിൻഡിക്കേറ്റ് അംഗം ഡോ. പി.റഷീദ് അഹമ്മദ് പരാതി നൽകി.മേയ് 17ന് ചേർന്ന സിൻഡിക്കേറ്റ് യോഗത്തിൽ മൂന്നു പഠന വകുപ്പുകളിലേക്ക് സംവരണ മാനദണ്ഡങ്ങൾ മറികടന്നും ബാക്ക് ലോഗ് നികത്താതെയും നടന്ന നിയമനങ്ങളിൽ റഷീദ് വിയോജിപ്പ് പ്രകടിപ്പിച്ചിരുന്നു. വിശദമായ വിയോജനക്കുറിപ്പും നൽകി. ഈ യോഗത്തിന്റെ മിനിട്ട്സ് ജൂൺ ഒന്നിനാണ് അംഗങ്ങൾക്ക് ലഭിച്ചത്. തുടർന്ന് മിനിട്ട്സിൽ ആവശ്യമായ ഭേദഗതി വരുത്തി പുന:പ്രസിദ്ധീകരിക്കണമെന്ന് ആവശ്യപ്പെട്ട് വൈസ് ചാൻസലർക്ക് കത്തു നൽകി. സംവരണ റോസ്റ്റർ പുറത്ത് വിടാനുള്ള തീരുമാനം നടപ്പാക്കണമെന്നും ആവശ്യപ്പെട്ടിരുന്നു. ഒരാഴ്ച കഴിഞ്ഞിട്ടും മറുപടി കിട്ടാതിരുന്നതോടെ ജൂൺ ഏഴിന് വീണ്ടും വി.സിക്ക് കത്തയച്ചു. പക്ഷേ, യാതൊരു നടപടിയുമുണ്ടായില്ലെന്ന്ഗവർണർക്ക്നൽകിയ പരാതിയിൽ പറയുന്നു. സംവരണ വിഷയത്തിൽ നീതി ഉറപ്പാക്കാൻ കാലിക്കറ്റ് സർവകലാശാലയിലെ അദ്ധ്യാപക നിയമനങ്ങൾ നിറുത്തി വയ്ക്കണമെന്നാവശ്യപ്പെട്ട് മറ്റൊരു നിവേദനവും ഗവർണർക്ക് നൽകിയിട്ടുണ്ട്

**സംവരണം പറയാതെവിജ്ഞാപനം**

രാജ്യത്തെ മറ്റെല്ലാ സർവകലാശാലകളും അദ്ധ്യാപക-അനദ്ധ്യാപക നിയമനങ്ങൾക്ക് സംവരണ തത്വം പാലിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുമ്പോൾ, കാലിക്കറ്റ് സർവകലാശാല ഇതിന് കൽപ്പിക്കുന്നത് പുല്ലുവിലയാണ്.ഇല്ലാത്ത ഹൈക്കോടതി വിധിയുടെ മറവിൽ 2016 മുതലാണ് സർവകലാശാല ഈ നിയമവ്യവസ്ഥ ലംഘിക്കുന്നത്.സംവരണ തത്വം പാലിക്കേണ്ടി വന്നാൽ സംവരണ ടേൺ അട്ടിമറിച്ച് തങ്ങളുടെ ഇഷ്ടക്കാർക്കുംസ്വന്തക്കാർക്കും നിയമനം നൽകാനാവില്ലെന്നതാണ് സർവകലാശാലാ സിൻഡിക്കേറ്റിനെ ഇതിൽ നിന്ന് പിന്തിരിപ്പിക്കുന്നത്. ★

9946108221